# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: T1019** **12/06/2014-ൽ മറുപടിക്ക്**

**എം.എൽ.എ-യ്ക്ക് ഉത്തരവിന്റെ പകർപ്പ് നിഷേധിച്ച സംഭവം**

ചോദ്യം

ശ്രീ. ജോസ് തെറ്റയിൽ

അങ്കമാലി മണ്ഡലത്തിലെ കിടങ്ങൂർ കരയിൽ വാക്കേലി വീട്ടിൽ മനോജ് കുമാർ. ജി. എന്നയാളുടെ എസ്.എസ്. എൽ.സി ബുക്കിലെ ജനനത്തീയതി തിരുത്തിക്കിട്ടുന്നതിന് അപേക്ഷ സമർപ്പി ക്കുന്നതിൽ ഉണ്ടായ കാലതാമസം മാപ്പാക്കി കിട്ടുന്നതിനായി എം.എൽ.എ മുഖാന്തിരം സമർപ്പിച്ച അപേക്ഷയിന്മേൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ജി. സെക്ഷനിൽ നിന്ന് എം.എൽ.എ.യ്ക്കോ എം.എൽ.എ.യുടെ പി.എ.ക്കോ നൽകാ തിരിക്കുകയും ഇതിന്റെ പേരിൽ പി.എ. യോട് അപമര്യാദയായി പെരുമാറുകയും ഉത്തരവിന്റെ പകർപ്പ് മറ്റു ചിലർക്ക് ലഭ്യമാക്കുകയും എം.എൽ.എ.യ്ക്കുള്ള പകർപ്പ് ആമുഖത്തിന്റെ അംഗീകാര ത്തിനായി സമർപ്പിച്ചിരിക്കുന്നതിന്റെ പേരിൽ നിഷേധിക്കുകയും ചെയ്ത സംഭവത്തെ സംബന്ധിച്ച് 16.01.2014 ന് സമർപ്പിച്ചിരുന്ന പരാതിയിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാ ക്കാമോ?

ഉത്തരം

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

അങ്കമാലി മണ്ഡലത്തിലെ കിടങ്ങൂർ കരയിൽ വാക്കേലി വീട്ടിൽ മനോജ് കുമാർ. ജി. എന്നയാളുടെ എസ്.എസ്.എൽ.സി ബുക്കിലെ ജനനതീയതി തിരുത്തിക്കിട്ടു ന്നതിന് അപേക്ഷ സമർപ്പിക്കുന്നതിൽ ഉണ്ടായ കാലതാമസം മാപ്പാക്കി കിട്ടുന്ന തിനായി ശ്രീ. ജോസ് തെറ്റയിൽ എം.എൽ.എ. മുഖാന്തിരം സമർപ്പിച്ച അപേക്ഷയിന്മേൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് നിഷേധിച്ചു എന്നാരോപിച്ചുകൊണ്ട് ബഹു. എം.എൽ. എ.യുടെ പി.എ. ബഹു. എം.എൽ.എ. മുഖാന്തിരം 16/1/2014-ൽ സമർപ്പിച്ച പരാതി 18/1/2014-ൽ പൊതുവിദ്യാഭ്യാസ (ജി) വകുപ്പിൽ ലഭിച്ചു. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ ബഹു. എം.എൽ.എ. യുടെ പി.എ. പരാതിയിൽ ഉന്നയിച്ചിരുന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമാ ണെന്ന് ബോധ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ 2/5/2014 തീയതിയിലെ 4084/ജി3/14/പൊ.വി.വ നമ്പർ കത്ത് (അനുബന്ധം) മുഖാന്തിരം ഈ വിവരം അറിയിച്ചുകൊണ്ട് ബഹു. എം.എൽ.എ. ക്ക് വിശദമായ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

Sreedevi

**സെക്ഷൻ ഓഫീസർ**

ഉത്തരം സഹിതം

കേരള സർക്കാർ

പൊതുവിദ്യാഭ്യാസ(ജി) വകുപ്പ്

നം: 4084/ജി3/2014/പൊ.വി.വ.

തിരുവനന്തപുരം,
തീയതി, 2/5/2014.

പ്രേക്ഷിതൻ

ഗവൺമെൻറ് സ്പെഷ്യൽ സെക്രട്ടറി

സ്വീകർത്താവ്

ശ്രീ. ജോസ് തെറ്റയിൽ എം.എൽ.എ.
തെറ്റയിൽ ഹൗസ്,
അങ്കമാലി.

സർ,

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - മനോജ് കുമാർ. ജി. എന്നയാളുടെ എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി തിരുത്തിക്കിട്ടുന്നതിന് കാലതാമസം മാപ്പാക്കി പുറപ്പെടുവിച്ച ഉത്തരവ് സംബന്ധിച്ച പരാതി - സംബന്ധിച്ച്.

സൂചന:-1) താങ്കൾ 16/1/2014-ൽ ബഹു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പു സെക്രട്ടറി മുതലായവർക്ക് അയച്ച JT/ANG-14/6(1), 16(2), 15(3) നമ്പർ കത്തുകൾ.
2) ജി.ഒ.(ആർ.റ്റി) നം.50/2014/പൊ.വി.വ. തീയതി 3/1/2014.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധക്ഷണിക്കുന്നു. സൂചന (1)-ലെ കത്തിനോടൊപ്പം അയച്ചുതന്ന താങ്കളുടെ പി.എ.യുടെ പരാതിയിലെ ആരോപണത്തിൻമേൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് ചുവടെ ചേർത്തിരിക്കുന്ന വിവരങ്ങൾ അറിയിച്ചു കൊള്ളുന്നു.

ശ്രീ. മനോജ് കുമാർ. ജി., വാക്കേലിൽ വീട്, കിടങ്ങൂർ പി.ഒ., അങ്കമാലി ബഹു. എം.എൽ.എ മുഖാന്തിരം സമർപ്പിച്ച എസ്.എസ്.എൽ.സി. ബുക്കിൽ ജനനതീയതി തിരുത്തുന്നതിന് പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം മാപ്പാക്കണമെന്ന അപേക്ഷ 5.9.2013-ൽ പൊതുവിദ്യാഭ്യാസ (ജി) സെക്ഷനിൽ 'ലഭിക്കുകയും പ്രസ്തുത ഫയൽ ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയ്ക്ക് സർക്കുലേറ്റ് ചെയ്ത് 3/1/2014-ലെ സ.ഉ.(ആർ.ടി) നം.50/14/പൊ.വി. പ്രകാരം ശ്രീ. മനോജ് കുമാർ. ജി., വാക്കേലിൽ, കിടങ്ങൂർ പി.ഒ., അങ്കമാലി, എറണാകുളം എന്ന

അപേക്ഷകന് വിദേശത്ത് ജോലി സംബന്ധമായ ആവശ്യത്തിലേക്കായി സ്കൂൾ റിക്കോർഡുകളിൽ/സെക്കണ്ടറി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റിൽ ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷ പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം മാപ്പാക്കി, അപേക്ഷ സമർപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവ് സെക്ഷനിൽ നിന്ന് 6/1/14-ൽ ഡെസ്പാച്ച് ചെയ്ത് 7/1/14-ൽ ഓഫീസ് സെക്ഷനിലെ despatch register- ൽ നിന്നും ശ്രീ. വി.ജെ. സണ്ണി, PA to Johny Nelloor എന്നയാൾ കൈപ്പറ്റിയതായി കാണുന്നു. ബന്ധപ്പെട്ട ഫയൽ സെക്ഷനിൽ നിന്നും 8/1/14-ൽ താങ്കൾക്ക് പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അയച്ചുതരുന്ന തിലേക്കായി ആമുഖ കത്തിന്റെ കരട് അംഗീകാരത്തിനായി സമർപ്പിക്കുകയും 10/1/2014-ലെ 51436/ജി2/13/പൊ.വി.വ കത്തു മുഖാന്തിരം ശ്രീ. മനോജ്കുമാറിന്റെ അപേക്ഷ പരിശോധിച്ച് എസ്.എസ്.എൽ.സി ബുക്കിലെ ജനനത്തീയതി തിരുത്തുന്നതിന് പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന വിവരം ഉത്തരവിന്റെ പകർപ്പ് സഹിതം താങ്കളെ അറിയിച്ചിട്ടുണ്ട്. ഫയൽ 8/1/2014-ൽ സമർപ്പിച്ചിരുന്ന കാലയളവായ 9/1/2014 ആണ് താങ്കളുടെ പി.എ. ആയ ശ്രീ. സജിത്. പി.എസ്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ആവശ്യപ്പെട്ടുകൊണ്ട് സെക്ഷനിൽ വന്നതെന്ന് കാണാൻ കഴിയുന്നു. കൂടാതെ "എം.എൽ.എ.യുടെ PA യ്ക്ക് ഉത്തരവ് നൽകാൻ സാധിക്കില്ല" എന്ന് അദ്ദേഹത്തോട് പറഞ്ഞിട്ടില്ലയെന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് അറിയിച്ചിട്ടുണ്ട്.

വിശ്വസ്തതയോടെ,

കെ. ശൈലശ്രീ
ജോയിന്റ് സെക്രട്ടറി
സ്പെഷ്യൽ സെക്രട്ടറിക്കു വേണ്ടി

Sreedevi
Section Officer